(ഡി) റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള തുക കേന്ദ്ര സർക്കാർ നൽകുന്നില്ല.

(ഇ) പി.എം.ജി.എസ്.വൈ. നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് നാളിതു വരെയായി 463.285 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 4.14 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ്

140 (432) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടി യോജിപ്പിച്ചതിന്റെ ഫലമായും, പുതിയ നഗരസഭകൾ രൂപീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ നഗരസഭകൾക്ക് ഏതൊക്കെ അധിക തസ്തികകൾ ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ എത്ര തസ്തികകൾ കുറഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നഗരസഭകളിലെ ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തികകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) പഞ്ചായത്തുകളിൽ നഗരസഭയിലേതുപോലെ ഹെഡ് ക്ലാർക്ക്, ആർ.ഐ. തസ്തിക സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടി യോജിപ്പിച്ചതിന്റെ ഫലമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിച്ചു വരുന്നു. പുതുതായി രൂപീകരിച്ച എഴ് നഗരസഭകളിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പുതിയ നഗരസഭകളിൽ "സ്റ്റാഫ് സ്റ്റാന്റൈഡൈസേഷൻ" മാനദണ്ഡമനുസരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ 222 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടിയോജിപ്പിച്ചതിന്റെ ഫലമായും പുതിയ നഗരസഭകൾ രൂപീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ 385 തസ്തികകൾ അധികമായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) പുതിയ നഗരസഭകളിൽ ''സ്റ്റാഫ് സ്റ്റാന്റ്ഡൈസേഷൻ'' മാനദണ്ഡമനുസരിച്ച് ആവശ്യമായ 222 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്.

അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

141 (433) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെയും പഞ്ചായത്തുകളുടെയും അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അസസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം എത്ര നഗരസഭകളിലും പഞ്ചായത്തുകളിലും നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(സി) അസസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടർവൽക്കരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷമായി; പ്രസ്തുത ഏജൻസി സോഫ്റ്റ്വെയർ ഡെവലപ് ചെയ്തോ; എത്രയെണ്ണം ഡെവലപ് ചെയ്തു; ഇതിന് എത്ര കോടി രൂപ ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) നഗരസഭയോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളുടെ വീട്ടുനമ്പരുകൾ ഇടുന്ന ജോലി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അസസ്സ്മെന്റ് രജിസ്റ്ററുകളുടെ കമ്പ്യൂട്ടർവൽക്കരണം 3 കോർപ്പറേഷനുകളിലും 4 മുനിസിപ്പാലിറ്റികളിലും ഒരു ഗ്രാമപഞ്ചായത്തിലും പൂർത്തിയാക്കിയിട്ടുണ്ട്.

(സി) അസസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള സോഫ്റ്റ്വെയർ ഇൻഫർമേഷൻ കേരള മിഷൻ 2005-ൽ തന്നെ വികസിപ്പിച്ചിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്ററുകളുടെ ഡിജിറ്റൽവൽക്കരണം തദ്ദേശീയമായ കുടുംബശ്രീ/അക്ഷയ സംവിധാനം ഉപയോഗിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ഈ സോഫ്ട്വെയറിന്റെ വികസനത്തിനായി പ്രത്യേക ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly